പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3712 — 19.03.2018-ൽ മറുപടിക്ക്

## പൊതുമരാമത്ത്നിർമ്മിതികൾ സംബന്ധിച്ച ഉത്തരവാദിത്തം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അപകടാവസ്ഥയിലുള്ള പാലങ്ങൾ നവീകരിക്കുന്നതിനായിട്ടുള്ള ഫണ്ട് എപ്രകാരമാണ് കണ്ടെത്തുവാൻ ഉദ്ദേശിക്കുന്നത്; | (എ) സംസ്ഥാനത്ത് അപകടാവസ്ഥയിലുള്ള പാലങ്ങൾ നവീകരിക്കുന്നതിനായി ബഡ്ജറ്റിൽ നിന്നും ഫണ്ട് ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) ഇതിനായി ഈ വർഷത്തെ ബജറ്റിൽ എത്ര തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) പാലങ്ങളുടെയും കലിങ്കുകളുടെയും പുനർ നിർമ്മാണത്തിനായി 2018-19 ബഡ്ജറ്റിൽ 5054-04-101-85 (P) എന്ന പുതിയ ഹെഡ് ഓഫ് അക്കൗണ്ട് അനുവദിച്ച് 82,000/-രൂപയുടെ പ്രൊവിഷൻ നൽകിയിട്ടുണ്ട്. |
| (സി) പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മിതികൾക്ക് ഒരു നിശ്ചിത കാലയളവിലേക്ക് കേടുപാടുണ്ടാകില്ല എന്ന് ഉറപ്പ് വരുത്തുന്നതിനും അതിന്റെ ഉത്തരവാദിത്തം ഉദ്യോഗസ്ഥരിലും പ്രവൃത്തി ചെയ്യുന്ന കോൺട്രാക്ടർമാരിലും നിക്ഷിപ്തമാക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) പൊതുമരാമത്ത് വകുപ്പിൽ നിർമ്മിതികൾക്കും പരിപാലനത്തിനുമായുള്ള പ്രവൃത്തികൾക്ക് G.O(Ms) No.73/2013/PWD തീയതി 31/08/2013 പ്രകാരം Defect Liability Period നിശ്ചയിച്ചിട്ടുണ്ട്. ഈ കാലയളവിൽ പ്രസ്തുത പ്രവൃത്തിയിൽ വരുന്ന കേടുപാടുകൾ അതാത് കരാറുകാർ അവരുടെ ചിലവിൽ തന്നെ പരിഹരിക്കേണ്ടതാണ്. കൂടാതെ ഉദ്യോഗസ്ഥരുടെ പിഴവുമൂലമുണ്ടാകുന്ന നഷ്ടങ്ങൾക്ക് വകുപ്പുതല നടപടികളും സ്വീകരിക്കുന്നുണ്ട്. |

S. Bindu
സെക്ഷൻ ഓഫീസർ